## കേരള സർക്കാർ

### സംഗ്രഹം

മുതിർന്ന സർക്കാർ ഉദ്യോഗസ്ഥരുടെ വിമാനയാത്ര - പരിഷ്കരിച്ച നിർദ്ദേശങ്ങൾ - ഉത്തരവാകുന്നു.

==========================================================

### ധനകാര്യ (രഹസ്യ) വകുപ്പ്

സ.ഉ.(അ) നം.17/2018/ധന. തീയതി, തിരുവനന്തപുരം, 08-02-2018.

==========================================================

പരാമർശം :- 1. 21-06-2016-ലെ സ.ഉ. (അ) 88/2016/ധന.
2. 03-05-2014-ലെ സ.ഉ. (അ) നം.154/2014/ധന.

### ഉത്തരവ്

സ്വകാര്യ വിമാനക്കമ്പനികളുൾപ്പെടെയുള്ളവയുടെ വിമാനത്തിൽ ബിസിനസ് ക്ലാസ്സിൽ യാത്ര ചെയ്യുന്ന മുതിർന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് യാത്രാക്കൂലി, ഭക്ഷണ പാനീയങ്ങൾ, സീറ്റ് മുൻഗണന, ബാഗേജ് ഫസ്റ്റ് തുടങ്ങിയവക്ക് ചിലവഴിക്കുന്ന ആകെ തുക, എയർ ഇന്ത്യയുടെ വിമാനത്തിൽ ഫുൾഫെയർ ഇക്കോണമി ക്ലാസ്സിലെ അതാത് കാലത്തെ യാത്രാക്കൂലിയ്ക്ക് ചെലവാകുന്ന തുകയുടെ പരിധിയിൽ കവിയാതെ ചെലവഴിക്കാൻ അനുവാദം നൽകി മേൽ പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഭക്ഷണപാനീയങ്ങൾ, സീറ്റ് മുൻഗണന, ലഗ്ഗേജ് ചാർജ്ജ് തുടങ്ങിയ സൗകര്യങ്ങൾക്കുൾപ്പെടെ ചെലവഴിക്കപ്പെടുന്ന തുക യാത്രാക്കൂലിയിനത്തിൽ ഉൾപ്പെടുത്താതെ ചില സ്വകാര്യ വിമാനക്കമ്പനികൾ ബിൽ ചെയ്യുന്നതിനാൽ ഇവയ്ക്കുള്ള ആനുകൂല്യം അനുഭവവേദ്യമായിരുന്നില്ലെന്ന് മാത്രമല്ല, ഇവയ്ക്കുള്ള ക്ലെയിം അനുവദിക്കുന്നതിന് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുമുണ്ട്.

സർക്കാർ വസ്തുതകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശ ഉത്തരവുകൾക്ക് വിധേയമായി സ്വകാര്യ വിമാനക്കമ്പനികൾ ഉൾപ്പെടെയുള്ളവയുടെ വിമാനത്തിൽ യാത്ര ചെയ്യുമ്പോൾ ടിക്കറ്റ് നിരക്ക് കൂടാതെ ഭക്ഷണ പാനീയങ്ങൾ, സീറ്റ് മുൻഗണന, അധിക ലഗ്ഗേജ് ചാർജ്ജ് എന്നിവയ്ക്കായി ചിലവഴിക്കുന്ന അധിക തുക കൂടി യാത്രാചെലവിൽ ഉൾപ്പെടുത്തി മേൽ പരാമർശം 2 ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മുതിർന്ന ഉദ്യോഗസ്ഥർക്ക് അനുവദിച്ചു നൽകി ഉത്തരവാകുന്നു. ഈ ഉത്തരവിന് മുൻകാല പ്രാബല്യമുണ്ടായിരിക്കുന്നതല്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മനോജ് ജോഷി**

പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ.&ഇ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി.&എസ്.എസ്.എ.) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.&ആർ.എസ്.എ.) കേരള, തിരുവനന്തപുരം.

എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
എല്ലാ സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും,
ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറി.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ,
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി,
സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ.

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ